പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 165

# 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2023

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ

609/2023.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 165

# 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ

2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ആക്റ്റ് (2017-ലെ 15) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ ഏഴുപത്തിനാലാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 3-ാം വകുപ്പിന്റെ ഭേദഗതി.—2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ആക്റ്റിലെ (2017-ലെ 15) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3-ാം വകുപ്പിന്റെ (ഡി) ഇനത്തിൽ "മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ" എന്ന വാക്കുകൾക്കു പകരം "നാഷണൽ മെഡിക്കൽ കമ്മീഷന്റെ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. 3 എ വകുപ്പിന്റെ ഭേദഗതി.— പ്രധാന ആക്റ്റിലെ 3 എ വകുപ്പിന്റെ (സി) ഇനത്തിൽ "മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ" എന്ന വാക്കുകൾക്കു പകരം "നാഷണൽ മെഡിക്കൽ കമ്മീഷന്റെ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4. 3 ബി വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 3 ബി വകുപ്പിലെ "ഇന്ത്യൻ മെഡിക്കൽ കൗൺസിലിൽ" എന്ന വാക്കുകൾക്കു പകരം "നാഷണൽ മെഡിക്കൽ കമ്മീഷനിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2019-ലെ നാഷണൽ മെഡിക്കൽ കമ്മീഷൻ ആക്റ്റിന്റെ (2019-ലെ 30-ാം നമ്പർ കേന്ദ്ര ആക്റ്റ്) 60-ാം വകുപ്പ് പ്രകാരം കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 2020 സെപ്റ്റംബർ 24-ാം തീയതിയിലെ S.O. 3263(E) വിജ്ഞാപന പ്രകാരം 1956-ലെ ഇന്ത്യൻ മെഡിക്കൽ കൗൺസിൽ ആക്റ്റ്, 2020 സെപ്റ്റംബർ 25-ാം തീയതി പ്രാബല്യത്തിൽ റദ്ദാക്കപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ, "മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ"-യ്ക്കു പകരം "നാഷണൽ മെഡിക്കൽ കമ്മീഷൻ" നിലവിൽ വന്നിട്ടുള്ളതാണ്. പ്രസ്തുത സാഹചര്യത്തിൽ 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ആക്റ്റിൽ (2017-ലെ 15) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ എന്ന് പരാമർശിച്ചിട്ടുള്ള ഇടങ്ങളിൽ നാഷണൽ മെഡിക്കൽ കമ്മീഷൻ എന്ന് ഭേദഗതി വരുത്തേണ്ടതായി കാണുന്നു. പ്രസ്തുത ആവശ്യത്തിലേയ്ക്ക് 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ആക്റ്റ് ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി.

2. മേൽപറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും ആവർത്തകവും അനാവർത്തകവുമായ യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

**വീണാ ജോർജ്ജ്**

## 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ആക്റ്റിൽ (2017-ലെ 15-ാം ആക്റ്റ്) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

3. <u>പ്രവേശന മേൽനോട്ട സമിതിയുടെ രൂപീകരണം.</u>— സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള വിദ്യാർത്ഥികളുടെ പ്രവേശന പ്രക്രിയയുടെ മേൽനോട്ടം വഹിക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും വേണ്ടി സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി, താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയ ഒരു പ്രവേശന മേൽനോട്ട സമിതി രൂപീകരിക്കേണ്ടതാണ്, അതായത്:—

(എ) ഹൈക്കോടതിയിൽ നിന്ന് വിരമിച്ച ഒരു ജഡ്ജി - ചെയർപേഴ്സൺ

(ബി) ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് സെക്രട്ടറി (എക്സ്-ഒഫീഷ്യോ) - മെമ്പർ സെക്രട്ടറി

(സി) നിയമ സെക്രട്ടറി (എക്സ്-ഒഫീഷ്യോ) - അംഗം

(ഡി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ ഒരു പ്രതിനിധി - അംഗം

(ഇ) പ്രവേശന പരീക്ഷാ കമ്മീഷണർ (എക്സ്-ഒഫിഷ്യോ) - അംഗം

(എഫ്) ചെയർപേഴ്സണുമായി കൂടിയാലോചിച്ച്, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, പട്ടികജാതിയിലോ പട്ടിക ഗോത്രവർഗ്ഗത്തിലോ പെട്ട ഒരു വിദ്യാഭ്യാസ വിദഗ്ധൻ - അംഗം.

3 <u>എ.</u> <u>ഫീസ് നിയന്ത്രണ സമിതിയുടെ രൂപീകരണം.</u>— സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും ചുമത്താവുന്ന ഫീസ് നിശ്ചയിക്കുന്നതിനു വേണ്ടി സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി, താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയ ഒരു ഫീസ് നിയന്ത്രണ സമിതി രൂപീകരിക്കേണ്ടതാണ്, അതായത്:—

(എ) ഹൈക്കോടതിയിൽ നിന്ന് വിരമിച്ച ഒരു ജഡ്ജി - ചെയർപേഴ്സൺ

(ബി) ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് സെക്രട്ടറി (എക്സ്-ഒഫീഷ്യോ) - മെമ്പർ സെക്രട്ടറി

(സി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ ഒരു പ്രതിനിധി - അംഗം

(ഡി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു ചാർട്ടേർഡ് അക്കൗണ്ടന്റ് - അംഗം

(ഇ) ചെയർപേഴ്സണുമായി കൂടിയാലോചിച്ച് സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വിദഗ്ധൻ - അംഗം.

3 ബി. സമിതികളെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ.—3-ാം വകുപ്പ് പ്രകാരവും 3 എ വകുപ്പ് പ്രകാരവും രൂപീകരിക്കപ്പെടുന്ന സമിതികളുടെ ചെയർപേഴ്സൺ ഒരേ ജഡ്ജി തന്നെയായിരിക്കേണ്ടതും സമിതികളിലേക്ക് ഇന്ത്യൻ മെഡിക്കൽ കൗൺസിലിൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെടേണ്ട പ്രതിനിധിയും ഒരേ ആൾ തന്നെ ആയിരിക്കേണ്ടതുമാണ് :

എന്നാൽ അപ്രകാരം നിയമിക്കപ്പെടുന്ന ചെയർപേഴ്സണ് ഒരു പദവിയ്ക്ക് അർഹമായ ഓണറേറിയത്തിന് മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളു.

** ** ** **